# നൂറനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം

പടനിലം പി. ഒ., പിൻ - 690529, ആലപ്പുഴ ജില്ല

ഫോൺ: 0479 - 2374840


ബഹു.കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 2200/2023 (S) (സിവിൽ) കണ്ടംപ്റ്റ് ഓഫ് കോർട്ട് കേസിന്മേൽ (IVO.സബ് ഡിസ്ട്രിക്റ്റ്-5,ആലപ്പുഴ) മുമ്പാകെ നൂറനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട്.

1) ബഹു.കേരളാ ഹൈക്കോടതിയുടെ 04/04/2023 തീയതിയിലെ WP(C) No.23414/2020 നമ്പർ വിധി ന്യായ പ്രകാരം ജോസ്കോ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ചെയർമാൻ ഡോ.ജോസ് കോശി ജോർജിന്, ടിയാൾ നിർമ്മിച്ചിട്ടുള്ള ഗ്രൂപ്പ് .ബി ഒക്യുപൻ സിയിലുള്ള വിദ്യാഭ്യാസത്തിനാവശ്യത്തിനായുള്ള നേഴ്സിംഗ് കോളേജ് കെട്ടിടവുംഗ്രൂപ്പ്.സി ഒക്യുപൻസിയിലുള്ള ഹോസ്പിറ്റൽ കെട്ടിടവും, ഗ്രൂപ്പ്.എ 2 ഒക്യുപൻ സിയിലുള്ള ക്യാന്റീൻ കെട്ടിടവും ക്രമവൽക്കരിക്കുന്നതിനായി യഥാക്രമം 259674/-(രണ്ട് ലക്ഷത്തി അൻപത്തൊമ്പതിനായിരത്തി അറുനൂറ്റി എഴുപത്തി നാല്) രൂപാ , 451236/-(നാല് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ്) രൂപാ,158079/-(ഒരു ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി എഴുപത്തിയൊമ്പത്)രൂപാ ഉൾ പ്പെടെ ആകെ 868989/-(എട്ട് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയൊമ്പത്) രൂപാ ക്രമവൽക്കരണ ഫീസ് നിശ്ചയിച്ചുകൊണ്ട് 2023-2024 സാമ്പത്തിക വർഷം ആദ്യ അർദ്ധ വർഷം മുതൽ വസ്തു നികുതി പ്രാബല്യത്തിൽ വരുത്തി ബഹു.ഹൈക്കോടതി വിധി നടപ്പാക്കിയിട്ടുണ്ടെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

2) ഗ്രൂപ്പ്.ബി ഒക്യുപൻസിയിലുള്ളതും 865.58 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണവുമുള്ള നേഴ്സിംഗ് കോളേജ് കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 300/-രൂപാ നിരക്കിൽ 259674/-(രണ്ട് ലക്ഷത്തി അൻപത്തൊമ്പതിനായിരത്തി അറുനൂറ്റി എഴുപത്തി നാല്) രൂപയും ഗ്രൂപ്പ്.സി ഒക്യുപൻസിയിലുള്ള 1504.12 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ള ഹോസ്പിറ്റൽ കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 300/- രൂപാ നിരക്കിൽ 451236/-(നാല് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ്) രൂപയും , ഗ്രൂപ്പ്.എ 2 ഒക്യുപൻ സിയിലുള്ള 526.93 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ള ക്യാന്റീൻ കെട്ടിടത്തിന് 300/-രൂപാ നിരക്കിൽ 158079/-(ഒരു ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി എഴുപത്തിയൊമ്പത്) രൂപയും ഉൾപ്പെടെ ആകെ 868989/-(എട്ട് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയൊമ്പത്) രൂപാ ക്രമവൽക്കരണ ഫീസ് നിശ്ചയിച്ചിട്ടുള്ളതുമാണ്.പെർമിറ്റ് നിലവിലില്ലാത്ത ടി കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 31-03-2023 ലെ സ.ഉ.(കൈ)നം.85/2023/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ക്രമവൽക്കരണ ഫീസായ 300/-രൂപയാണ് (പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങ്) ചതുരശ്ര മീറ്ററിന് ബാധകമാക്കിയിട്ടുള്ളത്.

3) അന്യായക്കാരന് 2011 ൽ ഈ ആഫീസിൽ നിന്നും അനുവദിച്ച നിർമ്മാണാനുമതി പ്രകാരം കെട്ടിട നിർമ്മാണം 2015 ൽ പൂർത്തീകരിച്ചതാണെന്ന് ടിയാൾ തന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ ചട്ടം-2011.റൂൾ-25 അനുസരിച്ച്, പൂർത്തീകരിച്ചതായ കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുന്നതിന് KPBR 2011 ചട്ട പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ടിയാളിന് ബാദ്ധ്യതയുള്ളതും എന്നാൽ ഹർജിക്കാരൻ അവകാശപ്പെടുന്നപോലെ കെട്ടിടങ്ങൾ അസ്സസ്സ് ചെയ്യുന്നതിന് ടിയാൾ സ്വമേധയാ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതും പഞ്ചായത്ത് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ കത്തിന്മേലാണ് ഒക്യുപൻസി ലഭിക്കുന്നതിനായുള്ള അപേക്ഷ ടിയാൾ സമർപ്പിച്ചതെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു .കെട്ടിട നിർമ്മാണ ചട്ടം 2011 റൂൾ-17 അനുസരിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ് അത് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്.എന്നാൽ അന്യായക്കാരന് അനുവദിച്ചു നൽകിയ പെർമിറ്റിന്റെ കാലാവധി 2014 ൽ അവസാനിച്ചിട്ടുള്ളതും ആയത് പുതുക്കുകയോ ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതുമാണ്.പെർമിറ്റിന്റെ സാധുതാ കാലയളവിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ് . കൂടാതെ ഹർജി കക്ഷി അംഗീകൃത പെർമിറ്റിൽ നിന്നും പ്ലാനിൽ നിന്നും വ്യതിയാനം വരുത്തിയാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്.ഇത്തരത്തിൽ വ്യതിയാനം വരുത്തിയ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടം- 2011 റൂൾ-19 പ്രകാരം പരിഷ്കരിച്ച പെർമിറ്റ് നേടേണ്ടതുമാണ്.എന്നാൽ ഹർജിക്കാരൻ ഇത്തരത്തിൽ പരിഷ്കരിച്ച പെർമിറ്റ് നേടിയിട്ടില്ലാത്തതിനാൽ തന്നെ ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതാകുന്നു.ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി അപേക്ഷകനും ലൈസൻസിയും സംയുക്തമായി ഒപ്പിട്ട് സമർപ്പിച്ച അപ്പൻഡിക്സ് എ 1 അപേക്ഷാ ഫോമുകളിൽ ടി കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീസ് രേഖപ്പെടുത്തി സത്യപ്രസ്താവന ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ടി വസ്തുതകൾ പരിഗണിച്ച് പ്രസ്തുത കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നിർദ്ദേശിച്ച നിരക്കിലുള്ള ക്രമവൽക്കരണ ഫീസും വസ്തു നികുതിയും ഈ ആഫീസിൽ അടവാക്കി ബഹു.ഹൈക്കോടതി വിധി പ്രാബല്യത്തിൽ വരുത്തുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

HARI KUMAR K.G
Secretary
Nooranad Grama Panchayath
[illegible] P.O. Alappuzha, 690529
Mob: 9496043725

ചാരുംമൂട്
20/03/24